**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചു കടത്തിയ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മരങ്ങൾ മുറിച്ച് കടത്തിയ വകയിൽ എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്നും അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ 1761 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരങ്ങൾ മുറിച്ച് കടത്തിയ വകയിൽ 2,90,77,182/- രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | ഇതിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്; എത്ര കേസുകളിൽ മോഷ്ടിച്ച തടി വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം നൽകുമോ? | (ബി) | വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 1268 പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്; 1269 കേസുകളിൽ മോഷ്ടിച്ച തടി വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. 172 കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

| നം. | സർക്കിൾ | പ്രതികളെ കണ്ടെത്തിയ കേസുകളുടെ എണ്ണം | തടികൾ വീണ്ടെടുത്ത കേസുകളുടെ എണ്ണം | പ്രതികളെ ശിക്ഷിച്ച കേസുകളുടെ എണ്ണം |
|---|---|---|---|---|
| 1. | സതേൺ സർക്കിൾ, കൊല്ലം | 187 | 190 | 21 |
| 2. | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 439 | 424 | 11 |
| 3. | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 224 | 218 | 27 |
| 4. | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 190 | 196 | 54 |
| 5. | നോർത്തേൺ സർക്കിൾ, കണ്ണൂർ | 135 | 149 | 9 |
| 6. | എ.ബി.പി., തിരുവനന്തപുരം | 5 | 3 | 3 |
| 7. | എഫ്.ഡി.പി.റ്റി, കോട്ടയം | 32 | 37 | 12 |
| 8. | വൈൽഡ്‌ലൈഫ്, പാലക്കാട് | 56 | 52 | 35 |
| | **ആകെ** | **1268** | **1269** | **172** |